വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്

(ബി) ഇല്ല.

(സി) വന പ്രദേശങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് വനം വകുപ്പ് മുൻഗണന നൽകി വരുന്നുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്.

പഴം, പച്ചക്കറി സംസ്ക്കരണശാല

29 (*235) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് പഴം, പച്ചക്കറി സംസ്കരണശാല സ്ഥാപിക്കുന്നതിന് വേണ്ടി 50 കോടി രൂപ വാഗ്ദാനം ചെയ്തിരുന്നോ ;

(ബി) ഇതിലേയ്ക്കായി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന എന്തെങ്കിലും ബൃഹത് പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ് എന്ന് വെളിപ്പെടുത്താമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഇല്ല. എന്നാൽ കെ. എച്ച്. ഡി. പി. യുടെ മൂവാറ്റുപുഴയിലെ ഫാക്ടറിയിൽ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന കൈതച്ചക്ക പഴച്ചാറിന് വിദേശ വിപണി കണ്ടെത്താൻ സഹായിക്കാമെന്ന് ബോർഡ് സമ്മതിച്ചിട്ടുണ്ട്.

(ബി) ഡയറി ഡവലപ്മെന്റ് ബോർഡിന്റെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

റോഡ്-സുരക്ഷാ ഉന്നതാധികാര സമിതി

30(*236) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി, 'നാറ്റ്പാക്' പഠനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly